(ബി) ഏതൊക്കെ ഉദ്യോഗസ്ഥരാണ് വ്യാജപ്രതി നൽകാൻ പ്രേരിപ്പിച്ചതെന്നാണ് ശ്രീ. സിബി മാത്യൂസ് പരാതിയിൽ പറഞ്ഞിട്ടുള്ളത്;

(സി) എ.ഐ.ജി. കെ. കെ. ജോഷ്വാ, മനുഷ്യാവകാശ പ്രവർത്തകനായ ജോമോൻ പുത്തൻപുരയ്ക്കലിനോട് സിബി മാത്യൂസിനെതിരായി പരാതി നൽകണമെന്ന് ആവശ്യപ്പെട്ട കാര്യം, ഡി.ജി.പി. അന്വേഷിക്കുകയുണ്ടായോ; അന്വേഷണത്തെത്തുടർന്ന് എത്തിച്ചേർന്ന നിഗമനം എന്താണ്; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തത് ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

റിക്കവറി തുകകൾ അടയ്ക്കുന്നതിലെ കാലതാമസം

50 (340) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിനുകീഴിലെ വിവിധ ഓഫീസുകളിൽ ഉദ്യോഗസ്ഥരിൽ നിന്നും റിക്കവറി നടത്തി മറ്റ് സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട തുകകൾ യഥാസമയം അടയ്ക്കാതെ സൂക്ഷിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം അടയ്ക്കാതെ വരുന്നതുമൂലം ജി.പി.എഫ്., എൽ.ഐ.സി., ജി.ഐ.എസ്., എസ്.എൽ.ഐ. വായ്പാ തിരിച്ചടവ് തുടങ്ങിയ വകയിൽ ജീവനക്കാർ കുടിശ്ശികക്കാരാവുന്നതും അധികപ്പലിശയും പിഴപ്പലിശയും അടയ്ക്കേണ്ടിവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഇനത്തിൽ ഓരോ മാസവും പിടിക്കുന്ന തുക അതാത് മാസം 10-ാം തീയതിയ്ക്കു മുമ്പായി അടച്ചില്ലെങ്കിൽ അതിനുത്തരവാദിത്വമുള്ള ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly